പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2979** — 10.03.2017-ൽ മറുപടിക്ക്

## കരുനാഗപ്പള്ളി ഫ്ലൈ ഓവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദേശീയ പാത വികസിപ്പിക്കുമ്പോൾ കരുനാഗപ്പള്ളി പട്ടണത്തിൽ എവിടെ മുതൽ എവിടെ വരെയാണ് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;<br><br>(ബി) പദ്ധതി പ്രകാരം നിലവിലെ റോഡ്, ഫ്ലൈ ഓവറായി പരിവർത്തനം ചെയ്യപ്പെടുകയാണോ എന്ന് വിശദീകരിക്കുമോ; | (എ) & (ബി) ചേർത്തല മുതൽ കഴക്കൂട്ടം വരെ ദേശീയപാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി ദേശീയ പാത വികസന അതോറിറ്റി M/s SMEC Pvt.Ltd, New Delhi എന്ന കൺസൾട്ടന്റ് വഴി ഡി.പി.ആർ തയ്യാറാക്കി വരുന്നു. ഇതിന്റെ രൂപരേഖ (അലൈൻമെന്റ്) സർക്കാർ പൊതുവിൽ അംഗീകരിക്കുകയും നാഷണൽ ഹൈവേയുടെ സെൻട്രൽ ലൈൻ അടയാളപ്പെടുത്തുന്ന പ്രവൃത്തി പുരോഗമിച്ചു വരുകയും ചെയ്യുന്നു. പ്രസ്തുത രൂപരേഖ പ്രകാരം കരുനാഗപ്പള്ളിയിൽ ചെയിനേജ് 469/870 മുതൽ 470/853 വരെ 983 മീറ്റർ എലിവേറ്റഡ് പാതയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) ദേശീയ പാതാ വികസനത്തിന് കരുനാഗപ്പള്ളി നഗരത്തിൽ എത്ര സ്ഥലം അക്വയർ ചെയ്യേണ്ടിയിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) ഇതിന്റെ പ്ലാൻ ലഭ്യമാക്കുമോ? | (സി) & (ഡി) അന്തിമ രൂപരേഖ പൂർത്തിയാക്കി നാഷണൽ ഹൈവേ ആക്ട് 1956 പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് 3 (എ) വിജ്ഞാപനം പുറപ്പെടുവിച്ച ശേഷമേ കരുനാഗപ്പള്ളിയിൽ എത്ര സ്ഥലം അക്വയർ ചെയ്യണമെന്ന് അറിയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ